# STD - X

## അദ്ധ്യാപക സഹായി

## പാഠം – ഒന്ന്  ക്രിസ്തുവിൽ വിരിയുന്ന യുവത്വം  ഭാഗം – ഒന്ന്

### ലക്ഷ്യം

ക്രിസ്തു തന്റെ ജീവിതത്തിലെ പ്രലോഭനങ്ങളെയും പ്രതിസന്ധികളെയും ദൈവപിതാവിൽ ആശ്രയിച്ചുകൊണ്ടു നേരിടുകയും ദൈവരാജ്യത്തിനുവേണ്ടി സമ്പൂർണ്ണമായി സമർപ്പിക്കുകയും ചെയ്തതുപോലെ യുവജനങ്ങളായ നമുക്കും സാമൂഹിക പ്രതിജ്ഞാബദ്ധയോടെ, ശൂന്യവൽക്കരണത്തിന്റെ പാത സ്വീകരിച്ച്, പ്രാർത്ഥനയിൽ നിന്ന് ശക്തിയാർജ്ജിച്ച് കർമ്മനിരതനായി സ്നേഹത്തിന്റെ ഒരു പുതിയ സംസ്കാരം കെട്ടിപ്പടുക്കുവാൻ സാധിക്കും.

ഞാൻ യുവാവായ ക്രിസ്തുവിന്റെ മാതൃക സ്വീകരിച്ച് ഈ കാലഘട്ടത്തിലെ വെല്ലുവിളികളെയും പ്രതിസന്ധികളെയും പ്രലോഭനങ്ങളെയും, ദൈവത്തിൽ ആശ്രയിച്ച് തരണം ചെയ്ത് സമൂഹത്തിൽ മറ്റൊരു ക്രിസ്തുവായി ജീവിക്കാൻ പരിശ്രമിക്കും.

### പഠനസഹായികൾ

* വിശുദ്ധ കാർലോസ് അകിറ്റിസിന്റെ ചിത്രം – വിശുദ്ധന്റെ ജീവിതകഥ.
* ക്രിസ്തു നേരിട്ട പ്രലോഭനങ്ങളുടെ ചിത്രങ്ങൾ.

### പാഠത്തിന്റെ ഉള്ളടക്കം

* മാമോദീസ സ്വീകരിച്ചു ദൈവത്തിന്റെ മക്കളായി തീർന്നു എന്നതുകൊണ്ട് എല്ലാത്തരം തിന്മകളിൽനിന്നും നാം മോചിതരായി എന്ന ധാരണ നമ്മിൽ ഉണ്ടായേക്കാം. എന്നാൽ മാമോദീസയിൽ നാം സ്വീകരിച്ച ദൈവകൃപ കാത്തുസൂക്ഷിക്കുവാൻ നമ്മുടെ നിരന്തരമായ ജാഗ്രതയുണ്ടാവണം.
* യേശു യഥാർത്ഥത്തിൽ മനുഷ്യനായിരുന്നു. ആയതിനാൽ അവിടുന്നു പ്രലോഭനവിധേയനായി.

### ക്രിസ്തു നേരിട്ട പ്രലോഭനങ്ങൾ

1. കല്ലുകളെ അപ്പമാക്കി ഭക്ഷിക്കാനുള്ള പ്രലോഭനം

ദൈവേഷ്ടം നിറവേറ്റേണ്ട സ്ഥാനത്ത് സ്വന്തം ഇഷ്ടം പ്രതിഷ്ഠിക്കാൻ യുവത്വത്തിലുണ്ടാകുന്ന പ്രലോഭനം അതിജീവിച്ച യുവാവായ യേശു.

2. ദൈവാലയ ഗോപുരാഗ്രത്തിൽ താഴേക്കു ചാടാനുള്ള പ്രലോഭനം

ജീവിതത്തിൽ അത്ഭുതങ്ങളും നേട്ടങ്ങളും ഉണ്ടായാൽ മാത്രം ദൈവത്തെ ഏറ്റുപറയൂ എന്നു തീരുമാനിക്കരുത്.

3. ദൈവത്തിനു പകരം സാത്താനെ സാഷ്ടാംഗം പ്രണമിച്ചു ആരാധിക്കാനുള്ള പ്രലോഭനം.

സ്വർത്ഥലക്ഷ്യം മുൻനിർത്തിയും സഹനത്തിന്റെ വഴികൾ ഒഴിവാക്കി സുഖങ്ങൾക്കു മുൻസ്ഥാനം നൽകി ജീവിക്കാനുള്ള പ്രലോഭനം.

* പ്രലോഭനങ്ങൾ ഉണ്ടാവുക സാധാരണമാണ്. അതിനെ എങ്ങനെ നാം നേരിടുന്നു എന്നതാണ് പ്രാധാന്യം.
* ദൈവപുത്രനായിട്ടും മനുഷ്യനായി പിറന്ന ക്രിസ്തു ദൈവവചനങ്ങൾ വഴി തന്റെ പ്രലോഭനങ്ങളെ ധീരതയോടെ നേരിട്ട് വിജയം കൈവരിച്ചു.
* പത്താം ക്ലാസ് ആയതുകൊണ്ട് പഠിക്കാൻ ഇരിക്കാനും പഠിക്കാനും ഒക്കെയായി ഒരുപാട് മടിയും പ്രലോഭനവും ഒക്കെ ഉണ്ടാവും. ക്രിസ്തു തന്റെ വെല്ലുവിളികളെ നേരിട്ടപോലെ നമുക്കും വളരെ എളുപ്പത്തിൽ അവയെ നേരിടാനാകും.
* നന്മയും തിന്മയും വിവേചിച്ചറിയാൻ കഴിവുള്ള നാം തിന്മയെ നന്മകൊണ്ട് ചെറുക്കണം. (നിയമ. 30:19)

## ആധുനിക ലോകത്തിലെ പ്രലോഭനങ്ങൾ

* മൊബൈൽ അഡിക്ഷൻ - porn videos, social media
* ഗെയിം - Free fire, PubG
* മയക്കുമരുന്ന് ഉപയോഗം
* ബ്ലാക്ക് മാസ്സ്
* തെറ്റായ ബന്ധങ്ങൾ

## പ്രാർത്ഥന

കാരുണ്യവാനായ ദൈവമേ, യുവാവായ യേശുക്രിസ്തു പ്രലോഭനങ്ങളെ അതിജീവിച്ചപോലെ ഈ കാലയളവിൽ ഉണ്ടാകുന്ന ഓരോ പ്രലോഭനങ്ങളെയും നേരിടുവാനുള്ള കൃപയും ധൈര്യവും ഞങ്ങൾക്ക് നൽകി അനുഗ്രഹിക്കണമേയെന്ന് അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

## ചോദ്യങ്ങൾ

1. യുവജനങ്ങളുടെ ജീവിതത്തിലെ പ്രലോഭനങ്ങൾ എങ്ങനെ നേരിടണമെന്നാണ് ക്രിസ്തു തന്റെ ജീവിതത്തിലൂടെ നമുക്ക് കാണിച്ചുതരുന്നത്.

2. ദൈവരാജ്യ സ്ഥാപനത്തിനായി യുവജനങ്ങൾ മുന്നിട്ടിറങ്ങണമെന്ന് പറയുന്നതിന്റെ കാരണമെന്ത്?

# STD - X

## അദ്ധ്യാപക സഹായി

## പാഠം – ഒന്ന്    ക്രിസ്തുവിൽ വിരിയുന്ന യുവത്വം    ഭാഗം – രണ്ട്

### ലക്ഷ്യം

യുവാവായ ക്രിസ്തുവിനെ അനുകരിച്ച് പ്രാർത്ഥനയിലൂടെ ജീവിതം നയിച്ച് യുവത്വത്തിന്റെ പൂർണ്ണതയിലേക്ക് വളരുവാനുള്ള കടമയും ഉത്തരവാദിത്വബോധവും യുവാക്കളിൽ ഉണ്ടാക്കുക. യേശുവിന്റെ സ്വയം നൽകലിന്റെയും ശൂന്യവത്കരണത്തിന്റെയും മാതൃക യുവജനങ്ങളും സ്വീകരിക്കുക.

### പഠനസഹായികൾ

* കത്തിച്ച മെഴുകുതിരി കാണിച്ച് സ്വയം ശൂന്യമായിത്തീർന്ന് മറ്റുള്ളവർക്ക് പ്രകാശമായി മാറിയ ക്രിസ്തുവിനെ അനുകരിച്ച് സമൂഹത്തിന് പ്രകാശമാകാൻ യുവജനങ്ങൾക്ക് കഴിയണം എന്ന ബോധ്യം നൽകിക്കൊണ്ട് പാഠം ആരംഭിക്കാം.
* ഈശോക്കൊച്ച് അജ്ന ജോർജിന്റെ ചിത്രം, കഥ
* യുവജനവർഷം (2024) ആപ്തവാക്യം: മത്താ. 5:11

### പാഠത്തിന്റെ ഉള്ളടക്കം

*** ദൈവരാജ്യം**

ദർശനം

നിയമം

യോഗ്യതകൾ

ഫലങ്ങൾ

മുഖമുദ്ര

*** ക്രിസ്തുവിന്റെ സാമൂഹിക പ്രതിജ്ഞാബദ്ധത**

നല്ല സമരിയാക്കാരൻ

അഞ്ചപ്പം അയ്യായിരം പേർക്ക്

വിവിധ അത്ഭുതങ്ങൾ

*** ക്രിസ്തുവന്റെ സ്വയം ശൂന്യവത്കരണം**

*** ക്രിസ്തുവിന്റെ പ്രാർത്ഥന ജീവിതം**

## പ്രാർത്ഥന

പിതാവായ ദൈവമേ, അങ്ങേ ദിവ്യപുത്രനായ ഈശോയെ അനുകരിച്ച് യുവത്വത്തിന്റെ പൂർണ്ണതിയിലേക്ക് വളരുവാനും ദൈവരാജ്യം സ്ഥാപിക്കാനും ഞങ്ങളെ പ്രാപ്തരാക്കണമെന്ന് അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

## ചോദ്യങ്ങൾ

1. നിങ്ങൾക്കുണ്ടായ ഒരു ദൈവാനുഭവം എഴുതുക.
2. നിങ്ങളുടെ ജീവിതത്തിൽ അനുഭവിച്ചറിഞ്ഞ ക്രിസ്തുവിനെ മറ്റുള്ളവർക്ക് എങ്ങനെ പകർന്നുകൊടുക്കാൻ കഴിയും. കുറിപ്പെഴുതുക.
3. ക്രിസ്തു തന്റെ ജീവിതത്തിലൂടെ കാണിച്ചുതന്ന സാമൂഹിക പ്രതിജ്ഞാബദ്ധതയുടെ മാതൃക എന്ത്?
4. യുവജനങ്ങളുടെ ജീവിതത്തിൽ പ്രാർത്ഥനയുടെ പ്രസക്തി എന്ത്? വിവരിക്കുക.